2026
NOVEMBER
05
THURSDAY

www.societytodaynews.com

സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

കേന്ദ്ര സർക്കാരിന്റെ ധനക്കമ്മി ഉയരാൻ സാധ്യത

സർക്കാർ ചെലവുകൾ വെട്ടിക്കുറയ്ക്കേണ്ടി വരുമെന്ന് എസ്ബിഐ റിസർച്ചിന്റെ റിപ്പോർട്ട്

ന്യൂദൽഹി: കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക കണക്കുകൂട്ടലുകൾക്ക് തിരിച്ചടിയായി ധനക്കമ്മി ഉയരാൻ സാധ്യത. 2026-27 സാമ്പത്തിക വർഷത്തിൽ ബജറ്റിൽ ലക്ഷ്യമിട്ടതിനെക്കാൾ 1.2 ലക്ഷം കോടി രൂപയുടെ അധിക ധനക്കമ്മി ഉണ്ടായേക്കുമെന്നാണ് എസ്ബിഐ റിസർച്ചിന്റെ റിപ്പോർട്ട്.

ഇതോടെ ജിഡിപിയുടെ 4.3 ശതമാനമായി നിശ്ചയിച്ചിരുന്ന ധനക്കമ്മി ലക്ഷ്യം 4.7 ശതമാനത്തിലേക്ക് ഉയരാൻ സാധ്യതയുണ്ടെന്നും റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. സബ്സിഡി ചെലവുകളിലെ വർധനയും നികുതി വരുമാനത്തിലെ കുറവുമാണ് പ്രധാനമായും സർക്കാരിന്റെ സാമ്പത്തിക സ്ഥിതിക്ക് സമ്മർദമാകുന്നത്.

ഇന്ധന എക്സൈസ് തീരുവയിൽ വരുത്തിയ കുറവ് മൂലം 1.1 ലക്ഷം കോടി രൂപയുടെ വരുമാന നഷ്ടമാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. ഇതിന് പുറമെ വളം സബ്സിഡിക്കായി 90,000 കോടി രൂപയുടെ അധിക ചെലവും പെട്രോളിയം, എൽപിജി സബ്സിഡികൾക്കായി 48,000 കോടി രൂപയോളവും വേണ്ടിവരുമെന്നാണ് എസ്ബിഐ റിസർച്ചിന്റെ വിലയിരുത്തൽ.



ഇതെല്ലാം കൂടി സർക്കാരിന്റെ ധനകാര്യ കണക്കുകളിൽ വലിയ സമ്മർദം സൃഷ്ടിക്കുന്നുണ്ട്. അതേ സമയം, ധനക്കമ്മി കണക്കാക്കാൻ ഉപയോഗിക്കുന്ന ജിഡിപിയുടെ അടിസ്ഥാന വർഷത്തിലും മാറ്റമുണ്ട്. 2022-23 അടിസ്ഥാനമാക്കിയുള്ള പുതിയ ജിഡിപി കണക്കാണ് എസ്ബിഐ റിസർച്ച് വിലയിരുത്തിയത്. എന്നാൽ ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കിയത് 2011-12 അടിസ്ഥാനമാക്കിയായിരുന്നു. ഈ മാറ്റവും ധനക്കമ്മി കണക്കുകളെ സ്വാധീനിക്കുന്ന ഘടകമാണ്. അധിക ധനക്കമ്മി നിയന്ത്രിക്കാൻ സർക്കാർ ചെലവുകൾ വെട്ടിക്കുറയ്ക്കേണ്ടി വരുമെന്നാണ് റിപ്പോർട്ടിലെ പ്രധാന വിലയിരുത്തൽ. അധികമായി കടമെടുക്കാതെ തന്നെ സാമ്പത്തിക ബാധ്യത കൈകാര്യം ചെയ്യാൻ സർക്കാരിന് സാധിക്കുമെന്നാണ് എസ്ബിഐ റിസർച്ച് പ്രതീക്ഷിക്കുന്നത്.

ഇതിനായി കൈവശമുള്ള പണശേഖരം പ്രയോജനപ്പെടുത്തുന്നതിനൊപ്പം വിവിധ ചെലവുകൾ നിയന്ത്രിക്കേണ്ടിവരും.കഴിഞ്ഞ മൂന്ന് വർഷത്തിനിടെ ശരാശരി 45,000 കോടി രൂപയുടെ ചെലവ് കുറയ്ക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ടെന്നും റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. ബജറ്റിൽ നിശ്ചയിച്ച ധനക്കമ്മി ലക്ഷ്യത്തിനുള്ളിൽ തുടരണമെങ്കിൽ ചെലവ് നിയന്ത്രണം മാത്രമായിരിക്കും പ്രധാന വഴിയെന്നും റിപ്പോർട്ട് വ്യക്തമാക്കുന്നു.

സർക്കാരിന്റെ പണശേഖരത്തിൽ കാര്യമായ വർധനയുണ്ടായിട്ടുണ്ട്. കോർ ലിക്വിഡിറ്റി ക്രമീകരണങ്ങൾക്കുശേഷമുള്ള സർക്കാരിന്റെ ക്യാഷ് ബാലൻസ് 2026 ഒക്ടോബർ അവസാനത്തോടെ ഏകദേശം 8.5 ലക്ഷം കോടി രൂപയിലെത്തിയെന്നാണ് കണക്ക്. കഴിഞ്ഞ വർഷം ഇതേ സമയത്ത് ഇത് 2.2 ലക്ഷം കോടി രൂപ മാത്രമായിരുന്നു. എന്നാൽ 2027 മാർച്ച് അവസാനത്തോടെ ഈ പണശേഖരം 2.5 ലക്ഷം കോടി രൂപയായി കുറയുമെന്നാണ് എസ്ബിഐ റിസർച്ചിന്റെ പ്രവചനം.

സർക്കാരിന്റെ കടമെടുപ്പ് പദ്ധതിയിലും മാറ്റമുണ്ടായിട്ടുണ്ട്. ബോണ്ട് സ്വിച്ചുകൾ, ബൈബാക്കുകൾ എന്നിവയിലൂടെ 1.23 ലക്ഷം കോടി രൂപയുടെ കടമെടുപ്പ് ഇതിനകം കുറച്ചിട്ടുണ്ട്. ഇതോടെ നിലവിലെ കടമെടുപ്പ് കണക്ക് 17.2 ലക്ഷം കോടി രൂപയിൽനിന്ന് 15.97 ലക്ഷം കോടി രൂപയായി കുറഞ്ഞു.

2026-27 സാമ്പത്തിക വർഷത്തിന്റെ ആദ്യ ആറുമാസത്തെ കണക്കുകളും സാമ്പത്തിക സമ്മർദം വ്യക്തമാക്കുന്നുണ്ട്. ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയുള്ള കാലയളവിൽ ധനക്കമ്മി മുൻവർഷത്തെ അപേക്ഷിച്ച് 24.7 ശതമാനം വർധിച്ച് 7.14 ലക്ഷം കോടി രൂപയിലെത്തി. ഇതേ കാലയളവിൽ സർക്കാരിന്റെ മൊത്തം ചെലവ് 10.7 ശതമാനം വർധിച്ചപ്പോൾ വരുമാന വരവിലെ വളർച്ച 3.6 ശതമാനത്തിൽ ഒതുങ്ങി.

അധിക ബാധ്യതയുടെ ആഘാതം കുറയ്ക്കാൻ ജിഎസ്ടി വരുമാനത്തിലെ ശക്തമായ വളർച്ചയും സർക്കാർ ഓഹരി വിറ്റഴിക്കലിലൂടെ ലഭിക്കുന്ന കൂടുതൽ വരുമാനവും സഹായിക്കുമെന്നാണ് എസ്ബിഐ റിസർച്ചിന്റെ പ്രതീക്ഷ.

അതേസമയം, മൂലധനച്ചെലവിൽ നേരിയ കുറവ് വരുത്താനും സാധ്യതയുണ്ട്. എന്നാൽ വരുമാന വർധന മാത്രം മതിയാകില്ലെന്നും ചെലവുകൾ യുക്തിസഹമായി നിയന്ത്രിക്കേണ്ടത് അനിവാര്യമാണെന്നും റിപ്പോർട്ട് മുന്നറിയിപ്പ് നൽകുന്നു.

ബജറ്റിലെ ധനക്കമ്മി ലക്ഷ്യം നിലനിർത്താൻ കേന്ദ്രസർക്കാർ വരും മാസങ്ങളിൽ സ്വീകരിക്കുന്ന സാമ്പത്തിക നടപടികൾ നിർണായകമാകും.

ഇന്ത്യൻ കമ്പനികളിലെ വിദേശ നിക്ഷേപകരുടെ പങ്കാളിത്തം കുത്തനെ കുറഞ്ഞു

മുംബൈ: കഴിഞ്ഞ രണ്ട് വർഷമായി ബ്ലൂചിപ്പ് ഓഹരികളിൽ തുടരുന്ന ശക്തമായ വിറ്റൊഴിയലിനെ തുടർന്ന് ഇന്ത്യയിലെ ഏറ്റവും വലിയ 100 കമ്പനികളിൽ 70 ശതമാനത്തിലും വിദേശ നിക്ഷേപക സ്ഥാപനങ്ങളുടെ ഓഹരി ഉടമസ്ഥത 15 വർഷത്തിനിടെയുള്ള ഏറ്റവും താഴ്ന്ന നിലയിൽ. ഇന്ത്യൻ ഓഹരികളോട് വിദേശ നിക്ഷേപകർക്കുള്ള താല്പര്യം ഗണ്യമായി കുറഞ്ഞതിനെയാണ് ഇത് സൂചിപ്പിക്കുന്നത്. വിദേശ നിക്ഷേപത്തിലെ ഈ ഇടിവ് എല്ലാ മേഖലകളിലുമുണ്ടെങ്കിലും, ലാർജ്ക്യാപ് കമ്പനികളിൽ പ്രത്യേകിച്ച് ബാങ്കിങ്, ഐടി മേഖലകളിൽ ഇത് വളരെ പ്രകടമാണ്. ഗോദ്റെജ് കൺസ്യൂമർ പ്രൊഡക്ട്സ്, ജിൻഡാൽ സ്റ്റീൽ, മാരുതി സുസുക്കി, ഡോ. റെഡ്ഡീസ് ലബോറട്ടറീസ്, അദാനി എന്റർപ്രൈസസ്, എച്ച്സിഎൽ ടെക്നോളജീസ്, ടിസിഎസ് എന്നീ കമ്പനികളിലെ വിദേശ നിക്ഷേപകരുടെ പങ്കാളിത്തം കഴിഞ്ഞ രണ്ട് പതിറ്റാണ്ടിലേറെയായുള്ള ഏറ്റവും താഴ്ന്ന നിരക്കിലേക്ക് കൂപ്പുകുത്തി.

ബജാജ് ഹോൾഡിങ്സ് & ഇൻവെസ്റ്റ്മെന്റ്, അൾട്രാടെക് സിമെന്റ്, കൊട്ടക് മഹീന്ദ്ര ബാങ്ക്, ആക്സിസ് ബാങ്ക്, ട്രെന്റ്, ഐഷർ മോട്ടോഴ്സ്, ബ്രിട്ടാനിയ ഇൻഡസ്ട്രീസ്, ശ്രീറാം ഫിനാൻസ് എന്നിവയുൾപ്പെടെയുള്ള മറ്റ് 10 കമ്പനികളിലെ വിദേശ നിക്ഷേപകരുടെ ഓഹരി പങ്കാളിത്തം 15 വർഷത്തിലേറെയായുള്ള ഏറ്റവും താഴ്ന്ന നിലവാരത്തിലാണ്.



118 ഉൽപ്പന്നങ്ങളുടെ കസ്റ്റംസ് തീരുവ ഇളവുകൾ കേന്ദ്രം പുനഃപരിശോധിക്കുന്നു

ന്യൂദൽഹി: 2027-28 ബജറ്റ് തയാറെടുപ്പുകളുടെ ഭാഗമായി 118 ഉൽപ്പന്നങ്ങൾക്ക് നിലവിലുള്ള അടിസ്ഥാന കസ്റ്റംസ് തീരുവ ഇളവുകളും ഒഴിവാക്കലുകളും കേന്ദ്ര സർക്കാർ പുനഃപരിശോധിക്കാൻ തുടങ്ങി.

വൈദ്യുതി പദ്ധതികൾ സ്ഥാപിക്കുന്നതിനായി ആവശ്യമായ വസ്തുക്കൾ, പാനൽ ഡിസ്പ്ലേ മൊഡ്യൂളുകളുടെ ഘടകങ്ങൾ, ടെക്സ്റ്റൈൽ മെഷിനറികൾ, ബാറ്ററി സ്ക്രാപ്പ്, ചില ഫോട്ടോവോൾട്ടായിക് സെല്ലുകൾ, മരുന്നുകൾ, ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ എന്നിവയാണ് പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള പ്രധാന ഉൽപ്പന്നങ്ങൾ.

2027 മാർച്ച് 31നും സെപ്റ്റംബർ 30നും കാലാവധി അവസാനിക്കുന്ന ഇളവുകളുടെ നിയമപരമായ പുനഃപരിശോധനയാണ് സർക്കാർ നടത്തുന്നത്. ഈ ഉൽപ്പന്നങ്ങൾക്ക് നിലവിൽ 30 ശതമാനം വരെയാണ് അടിസ്ഥാന കസ്റ്റംസ് തീരുവ ഈടാക്കുന്നത്.

ഇത്തരം ഇളവുകളും ഇളവ് നിരക്കുകളും തുടരണമോ, പിൻവലിക്കണമോ അതോ കാലാവധി തീരുന്നതോടെ റദ്ദാക്കണമോ എന്നതിനെക്കുറിച്ച് ബന്ധപ്പെട്ട മന്ത്രാലയങ്ങൾ വ്യവസായ മേഖലയുടെ അഭിപ്രായം തേടിയിട്ടുണ്ട്.

ചില തരം മീൻ എണ്ണകൾ, ഷട്ടിൽ



ലെസ് ലൂമുകൾ, ഇൻറാക്യീവ് ഫ്ലാറ്റ് പാനൽ ഡിസ്പ്ലേകൾ നിർമിക്കാൻ ഉപയോഗിക്കുന്ന ഓപ്പൺ സെൽ തുടങ്ങി 32 ഉൽപ്പന്നങ്ങളുടെ കസ്റ്റംസ് തീരുവ ഇളവുകളാണ് നിയമപരമായ പുനഃപരിശോധനയിലുള്ളത്.

ഇതുകൂടാതെ ഫ്യൂവൽ ഓയിൽ, ചില മരുന്നുകൾ, യൂറിയ, സ്റ്റെന്റുകൾ, പ്രോബയോട്ടിക്സ്, ഗാലിയം, ജെർമേനിയം തുടങ്ങിയ നിർണ്ണായക ലോഹങ്ങളുടെ അവശിഷ്ടങ്ങൾ, ലിഥിയംഅയൺ ബാറ്ററികളുടെ വേസ്റ്റ് എന്നിവയുൾപ്പെടെ 86 ഉൽപ്പന്നങ്ങൾക്ക് നൽകിയിട്ടുള്ള നിബന്ധനകളില്ലാത്ത ഇളവുകളും സർക്കാർ പുനഃപരിശോധിക്കുന്നുണ്ട്.

ഇറക്കുമതിക്ക് ശേഷം പ്രത്യേക നിബന്ധനകളൊന്നും പാലിക്കേണ്ടതില്ലാത്ത പൂർണ്ണമായ തീരുവ ഒഴിവാക്കലിനെയാണ് അൺകണ്ടീഷണൽ ഇളവുകൾ എന്ന് പറയുന്നത്. തലതിരിഞ്ഞ തീരുവ ഘടന പരിഹരിക്കുന്നതിനും ആഭ്യന്തര ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിനുമായി നടത്തുന്ന പതിവ് പ്രക്രിയയാണിതെന്ന് ഉദ്യോഗസ്ഥർ വ്യക്തമാക്കി.

2026-27 ബജറ്റിൻറെ പ്രധാന സവിശേഷതകളിലൊന്ന് കസ്റ്റംസ് തീരുവകളുടെ യുക്തിസഹമായ പുനഃസംഘടനയായിരുന്നു. അന്ന് പല ഇളവുകളും അവലോകനം ചെയ്യുകയും ചിലത് നീട്ടിനൽകുകയും ചിലതിന്റെ സൺസെറ്റ് ക്ലോസുകൾ (അവസാന തീയതികൾ) ഒഴിവാക്കുകയും ചെയ്തിരുന്നു.

നിശ്ചിത തീരുവ ഒഴിവാക്കലുകൾ പിൻവലിക്കൽ, കയറ്റുമതി, പുനരുപയോഗ ഊർജം, സെമികണ്ടക്ടറുകൾ, മരുന്നുകൾ, മെഡിക്കൽ ഉപകരണങ്ങൾ, വിമാന നിർമാണവും എം.ആർ.ഒ, ആണവോർജം, ഇലക്ട്രിക് വാഹന മേഖല എന്നിവയ്ക്കുള്ള ആനുകൂല്യങ്ങൾ ദീർഘിപ്പിക്കൽ എന്നിവ ഈ നടപടികളിൽ ഉൾപ്പെട്ടിരുന്നു. കൂടാതെ കുടകൾ പോലുള്ള ചില ഉപഭോഗ വസ്തുക്കളുടെ തീരുവയിലും മാറ്റങ്ങൾ വരുത്തിയിരുന്നു.

സൊസൈറ്റി ടുഡേ SOCIETY TODAY

ലഹരിക്കെതിരെ പോരാട്ടം; കാറ്റും വെളിച്ചവും മികച്ച ഹ്രസ്വചിത്രം

തിരുവനന്തപുരം: ആഭ്യന്തരവകുപ്പുമായി ചേർന്ന് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജി ഹൈസ്കൂൾ, ഹയർസെക്കൻഡറി, വൊക്കേഷണൽ ഹയർസെക്കൻഡറി വിദ്യാർഥികൾക്കായി സംഘടിപ്പിച്ച 'തൂഫാൻ- ലഹരിക്കെതിരേ പോരാട്ടം' ഹ്രസ്വചിത്ര മൽസരത്തിൽ തൃശൂർ മറ്റത്തൂർ എസ്.കെ എച്ച്.എസിന്റെ 'കാറ്റും വെളിച്ചവും' ഒന്നാം സ്ഥാനം നേടി. ജേതാക്കൾക്ക് ഒരു ലക്ഷം രൂപയും സർട്ടിഫിക്കറ്റും പുരസ്കാരവും തിരുവനന്തപുരം സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിൽ നടന്ന ചടങ്ങിൽ പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി എൻ ഷംസുദ്ദീൻ സമ്മാനിച്ചു.

കണ്ണൂർ മണിക്കടവ് സെന്റ് തോമസ് എച്ച്. എസിന്റെ 'എലിപ്പെട്ടി' രണ്ടാം സ്ഥാനവും കൊല്ലം പുത്തൂർ ജി.എച്ച് എസ് എസിന്റെ 'നൂൽ' മൂന്നാം സ്ഥാനവും സ്വന്തമാക്കി. 300 ലധികം ചിത്രങ്ങളിൽ നിന്നും ജില്ലാതലത്തിൽ ആദ്യമൂന്ന് സ്ഥാനങ്ങൾ നേടിയ 42 ഹ്രസ്വചിത്രങ്ങളിൽ നിന്നാണ് പുരസ്കാര ജേതാക്കളെ കണ്ടെത്തിയത്. കാലിക പ്രസക്തമായ വിഷയത്തിലാണ് ഹ്രസ്വചിത്രം സംഘടിപ്പിച്ചതെന്ന് മന്ത്രി പറഞ്ഞു. രാസലഹരി സംസ്ഥാനത്തുടനീളം കണ്ടെത്തിയതിനെ തുടർന്നാണ് അതിനെതിരെ തൂഫാൻ കൊണ്ടുവന്നത്. മയക്കുമരുന്നിനെതിരെ ശക്തമായ നടപടി സ്വീകരിച്ചതിനൊപ്പം മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള ലഹരിക്കടത്ത് തടയാനുമായി. ലഹരിക്കെതിരെ പ്രതിരോധ, പ്രചാരണ പ്രവർത്തനങ്ങളും ശക്തമാക്കണം. നടപടികൾ കൊണ്ട് മാത്രം തിന്മയെ പ്രതിരോധിക്കാനാകില്ല. രാസലഹരിക്കെതിരായ വികാരം ചെറുപ്പക്കാരിലും വിദ്യാർഥികളിലും ഉണ്ടാകണം.

കുട്ടികളിലെ കലാപരമായ വാസന പ്രോത്സാഹിപ്പിക്കുന്നതിനൊപ്പം ലഹരിക്കെതിരായ ബോധവത്ക്കരണം ലക്ഷ്യമിട്ടാണ് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജി ഹ്രസ്വചിത്രം മൽസരം സംഘടിപ്പിച്ചത്. കുട്ടികളുടെ കഴിവ് പ്രകടിപ്പിക്കാനുള്ള അവസരമാണ് ഒരുക്കിയത്. തൂഫാന്റെ ഭാഗമായുള്ള ഹ്രസ്വചിത്രത്തിൽ കലയ്ക്കും സാങ്കേതിക വിദ്യയ്ക്കുമൊപ്പം ലഹരിക്കെതിരായ പ്രചാരണവുമുണ്ട്. സ്കൂൾ കാമ്പസുകളിലും പൊതുസമൂഹത്തിലും ഗുരുതര പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്ന മയക്കുമരുന്ന് ഉപയോഗത്തിനെതിരെ വിദ്യാർഥികളുടെ പോരാട്ടമാണ് ഹ്രസ്വചിത്രത്തിൽ കണ്ടതെന്ന് മന്ത്രി ചൂണ്ടികാട്ടി.

മികച്ച സംവിധായകൻ കോട്ടയം എം.ഡി. സെമിനാരി ഹയർസെക്കൻഡറി സ്കൂളിലെ ഇ.പി നചികേതസ്, മികച്ച തിരക്കഥാകൃത്ത് തൃശൂർ മറ്റത്തൂർ എസ്.കെ എച്ച് എസിലെ വി.എച്ച് കൃഷ്ണ, മികച്ച നടി തൃശൂർ കുഴിക്കാട്ടുശ്ശേരി സെന്റ് മേരീസ് എച്ച്എസിലെ ഒ.ആർ ലക്ഷ്മിപ്രിയ, മികച്ച നടൻ കണ്ണൂർ മണിക്കടവ് സെന്റ് തോമസ് എച്ച് എസ് എസിലെ പി.ബി അഭിഷേക് കൃഷ്ണ, മികച്ച അധ്യാപക കോർഡിനേറ്റർ തൃശൂർ മറ്റത്തൂർ എസ് കെ എച്ച്.എസിലെ രാജ്കുമാർ രഘുനാഥ് എന്നിവർ നേടി. സംസ്ഥാനത്തെ സ്കൂളുകളിലും ആഭ്യന്തര വകുപ്പിന്റെ വിവിധ പരിപാടികളും എക്സൈസ് വകുപ്പിന്റെ വിവിധ ഓറിയന്റേഷൻ പ്രോഗ്രാമുകളിലും ഹ്രസ്വചിത്രങ്ങൾ പ്രദർശിപ്പിക്കും.

എസ് സി ഇ ആർ ടി ഡയറക്ടർ കെ കെ മഷൂദ് അധ്യക്ഷനായി. കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ ചെയർപേഴ്സൺ പ്രേംകുമാർ, എസ് ഐ ഇ ടി ഡയറക്ടർ ടി സി ബി മുഹമ്മദ്, സംസ്ഥാന സാക്ഷരത മിഷൻ ഡയറക്ടർ എ പി അഹമ്മദുൽ കബീർ, കെ പി ഹുസൈൻ ചാരിറ്റബിൾ ട്രസ്റ്റ് ചെയർമാൻ കെ പി ഹുസൈൻ, അധ്യാപകർ, വിദ്യാർഥികൾ, രക്ഷിതാക്കൾ തുടങ്ങിയവർ പങ്കെടുത്തു.

മത്സ്യത്തൊഴിലാളി പെൻഷൻ മുടങ്ങാതിരിക്കാൻ ആധാർ ഓതെന്റീഫിക്കേഷൻ പൂർത്തിയാക്കണം

തിരുവനന്തപുരം: കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കൾക്ക് തുടർന്നും മുടക്കമില്ലാതെ പെൻഷൻ ലഭിക്കുന്നതിനായി ആധാർ ഓതെന്റീഫിക്കേഷൻ പൂർത്തിയാക്കാത്തവർ എത്രയും വേഗം നടപടികൾ പൂർത്തിയാക്കണമെന്ന് ഫിഷറീസ് വകുപ്പ് അറിയിച്ചു. ബോർഡിന് കീഴിൽ ആകെയുള്ള 73,657 പെൻഷൻ ഗുണഭോക്താക്കളിൽ ഇതുവരെ 59,061 പേർ മാത്രമാണ് ആധാർ ഓതെന്റീഫിക്കേഷൻ പൂർത്തിയാക്കിയത്. ഇനി ഓതെന്റീഫിക്കേഷൻ പൂർത്തിയാക്കാനുള്ള 14,596 പേരിൽ 2,253 പേർ മരണപ്പെട്ടതായി കണ്ടെത്തിയിട്ടുണ്ട്. ശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് തുടർന്നുള്ള മാസങ്ങളിൽ പെൻഷൻ ലഭിക്കണമെങ്കിൽ ആധാർ കാർഡിന്റെയും പെൻഷൻ പാസ്ബുക്കിന്റെയും പകർപ്പുമായി ബന്ധപ്പെട്ട ഫിഷറീസ് ഓഫീസിലെത്തി ഓതെന്റീഫിക്കേഷൻ നിർബന്ധമായും പൂർത്തിയാക്കേണ്ടതുണ്ട്. അതേസമയം, ഓതെന്റീഫിക്കേഷൻ വൈകിയതിനെ തുടർന്ന് പെൻഷൻ മുടങ്ങുകയും പിന്നീട് നടപടി പൂർത്തിയാക്കുകയും ചെയ്തവർക്ക് മുടങ്ങിയ മാസത്തെ പണം അടിയന്തരമായി അനുവദിക്കണമെന്ന ശുപാർശ ധനവകുപ്പിന് ഫിഷറീസ് വകുപ്പ് നൽകിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ 23,657 പേർ ഓതെന്റീഫിക്കേഷൻ പൂർത്തിയാക്കാൻ ബാക്കിയുണ്ടായിരുന്ന സാഹചര്യത്തിൽ, ഫിഷറീസ് വകുപ്പ് മന്ത്രി അഡ്വ. വി.ഇ. അബ്ദുൾ ഗഫൂറിന്റെ നിർദേശപ്രകാരം ഇതിനുള്ള സമയപരിധി ഒക്ടോബർ 15 വരെ ദീർഘിപ്പിച്ചു നൽകിയിരുന്നു. ധനവകുപ്പിന്റെ നിബന്ധനയെ തുടർന്ന് 2026 ഓഗസ്റ്റ് മാസത്തെ പെൻഷൻ ലഭിച്ച 16,591 ഗുണഭോക്താക്കൾക്ക് സെപ്റ്റംബർ മാസത്തെ പെൻഷൻ ലഭിച്ചിരുന്നില്ല. തിരുവനന്തപുരം മേഖലയിൽ 3,906 പേർക്കും ആലപ്പുഴയിൽ 4,581 പേർക്കും എറണാകുളത്ത് 2,849 പേർക്കും കോഴിക്കോട് 4,706 പേർക്കും, കണ്ണൂരിൽ 549 പേർക്കുമാണ് സെപ്റ്റംബറിലെ പെൻഷൻ മുടങ്ങിയത്. എന്നാൽ സർക്കാർ അനുവദിച്ച അധിക സമയപരിധി പ്രയോജനപ്പെടുത്തി ഇതിൽ 10,497 പേർ ഇതിനകം ആധാർ ഓതെന്റീഫിക്കേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഓതെന്റീഫിക്കേഷൻ പൂർത്തിയാക്കിയവർക്ക് മുടങ്ങിയ മാസത്തെ പെൻഷൻ തുക വിതരണം ചെയ്യാനാണ് ഫിഷറീസ് വകുപ്പ് ധനവകുപ്പിനോട് ശുപാർശ ചെയ്തിരിക്കുന്നത്.

മേഖലാടിസ്ഥാനത്തിലുള്ള കണക്കുകൾ പ്രകാരം തിരുവനന്തപുരം മേഖലയിലെ ആകെ 21,191 ഗുണഭോക്താക്കളിൽ 15,766 പേരും ആലപ്പുഴയിലെ 22,234 പേരിൽ 18,572 പേരും എറണാകുളത്തെ 15,272 പേരിൽ 13,892 പേരും കോഴിക്കോട്ടെ 10,221 പേരിൽ 6,713 പേരും കണ്ണൂരിലെ 4,739 പേരിൽ 4,118 പേരും ആധാർ ഓതെന്റീഫിക്കേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. തിരുവനന്തപുരം മേഖലയിൽ 5,425 പേരും ആലപ്പുഴയിൽ 3,662 പേരും കോഴിക്കോട് 3,508 പേരും എറണാകുളത്ത് 1,380 പേരും കണ്ണൂരിൽ 621 പേരുമാണ് ഇനി ഓതെന്റീഫിക്കേഷൻ പൂർത്തിയാക്കാനുള്ളത്. ഓതെന്റീഫിക്കേഷൻ പൂർത്തിയാക്കുന്ന മുറയ്ക്ക് മുടങ്ങിയ പെൻഷൻ തുക തിരികെ ലഭിക്കുമെന്നതിനാൽ ഇനിയും നടപടികൾ പൂർത്തിയാക്കാത്ത ഗുണഭോക്താക്കൾ എത്രയും വേഗം അടുത്തുള്ള ഫിഷറീസ് ഓഫീസുമായി ബന്ധപ്പെട്ട് ആധാർ ഓതെന്റീഫിക്കേഷൻ പൂർത്തീകരിക്കണമെന്ന് അധികൃതർ അഭ്യർത്ഥിച്ചു.



എറണാകുളം വൈ.എം.സി.എ.യുടെയും എം.കെ.സാനു ഫൗണ്ടേഷന്റെയും സംയുക്താഭിമുഖ്യത്തിൽ നടന്ന കേരളപിറവിദിനാഘോഷവും കുടുംബ സംഗമവും ഭാരതീയ വിദ്യാഭവൻ ചെയർമാൻ വേണുഗോപാൽ. സി. ഗോവിന്ദ് ഉദ്ഘാടനം ചെയ്യുന്നു. ഇടത്ത് നിന്ന് സജി എബ്രഹാം (അസ്സോസിയേറ്റ്സ് ജനറൽ സെക്രട്ടറി) ഷോൺ ജെഫ് ക്രിസ്റ്റഫർ (ഹോണറബിൾ ട്രെഷറർ), രഞ്ജിത്ത് സാനു (എം.കെ.സാനു ഫൌണ്ടേഷൻ), ഡോ. സുമി ജോയ് ഒലിവുപ്പുറം), റെജി എ ജോർജ് (പ്രസിഡന്റ്), ആൻറ്റോ ജോസഫ് (ജനറൽ സെക്രട്ടറി)എന്നിവർ സമീപം.

വൈ.എം.സി.എ കുടുംബ സംഗമം നടത്തി

കൊച്ചി: എറണാകുളം വൈ.എം.സി.എ.യുടെയും എം.കെ. സാനു ഫൗണ്ടേഷന്റെയും സംയുക്താഭിമുഖ്യത്തിൽ കേരള പിറവിദിനാഘോഷവും കുടുംബ സംഗമവും എറണാകുളം വൈ.എം.സി.എ.യിൽ സംഘടിപ്പിച്ചു. വൈ. എം.സി.എ. പ്രസിഡന്റ് ഇഅ. റെജി എ ജോർജ് അദ്ധ്യക്ഷത വഹിച്ചു. ഭാരതീയ വിദ്യാഭവൻ ചെയർമാൻ വേണുഗോപാൽ. സി. ഗോവിന്ദ് ഉദ്ഘാടനം ചെയ്തു. മഹാരാജാസ് കോളേജ് മലയാളം വിഭാഗം മേധാവി, ഡോ. പ്രൊഫ്. സുമി ജോയ് ഒലിവുപ്പുറം മുഖ്യപ്രഭാഷണം നടത്തി. സാനു ഫൌണ്ടേഷൻ പ്രതിനിധിയായ രഞ്ജിത്ത് സാനു എം.കെ.സാനു മാസ്റ്ററിന്റെ ജന്മശദാബ്ദിയെ കുറിച്ച് സംസാരിച്ചു. ഹോണറബിൾ ട്രെഷറർ ഇഅ. ഷോൺ ജെഫ് ക്രിസ്റ്റഫർ, ജനറൽ സെക്രട്ടറി ആൻറ്റോ ജോസഫ് എന്നിവർ സംസാരിച്ചു. തുടർന്ന് കലാപരിപാടികളും, കുടുംബ സംഗമവും നടന്നു.



സൊസൈറ്റി ടുഡേ SOCIETY TODAY



സിഎഫ്ആർഡിയെ ലോകോത്തര നിലവാരത്തിലേക്ക് ഉയർത്തും: മന്ത്രി അനൂപ് ജേക്കബ്

കോന്നി: കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആൻറ് ഡവലപ്മെൻറ് (സിഎഫ്ആർഡി) നെ അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ലോകോത്തര നിലവാരത്തിലേക്ക് ഉയർത്തുമെന്ന് മന്ത്രി ആനൂപ് ജേക്കബ്. കോന്നി പെരിഞ്ഞൊട്ടയ്ക്കലിൽ പ്രവർത്തിക്കുന്ന സിഎഫ്ആർഡിയുടെ കീഴിലുള്ള കോളജ് ഓഫ് ഇൻഡിജീനസ് ഫുഡ് ടെക്നോളജി (സിഎഫ്ടികെ) യുടെ ആധുനിക സൗകര്യങ്ങളോടെയുള്ള ലാബുകളും ക്ലാസ് മുറികളും ഉൾപ്പെടുത്തി നവീകരിച്ച കെട്ടിടം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

കോളജിൽ കൂടുതൽ സൗകര്യങ്ങൾ ഒരുക്കും. കെമിക്കൽ ലാബ് ഉൾപ്പടെ കോളജിലെ പരിശോധനാ സംവിധാനങ്ങൾ പരമാവധി ഉപയോഗപ്പെടുത്തുമെന്നും മന്ത്രി പറഞ്ഞു. നിലവിൽ സപ്ലൈകോയുടെ സാമ്പിളുകൾ മാത്രമാണ് സിഎഫ്ആർഡി പരിശോധിക്കുന്നത്. ഇതിനുപുറമേ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ കളക്ഷൻ യൂണിറ്റുകൾ സ്ഥാപിച്ച് കൂടുതൽ സാമ്പിളുകൾ പരിശോധനയ്ക്കായി കൊണ്ടുവരും. ഇതുവഴി കൂടുതൽ വരുമാനം കണ്ടെത്താൻ സാധിക്കും.

വിദ്യാർഥികൾക്ക് മികച്ച തൊഴിൽ വസരങ്ങൾ ഉറപ്പാക്കുന്ന രീതിയിൽ കോഴ്സുകൾ നവീകരിക്കും. കോളജിൽ സ്ഥിരമായ അധ്യാപക സംവിധാനം ഒരുക്കും. ഡയറക്ടറെയും പ്രിൻസിപ്പാളിനെയും ഉടൻ നിയമിക്കും. മുഖ്യമന്ത്രി ചെയർപേഴ്സണായുള്ള ഗവേണിംഗ് ബോഡി യോഗം വിളിച്ചുചേർത്ത് കൂടതൽ നടപടി സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു. സർവകലാശാല റാങ്ക് ജേതാക്കാളായ വിദ്യാർഥികളെ ചടങ്ങിൽ അനുമോദിച്ചു. കെ.യു. ജനീഷ് കുമാർ എംഎൽഎ അധ്യക്ഷത വഹിച്ചു.

കോന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് റോബിൻ പീറ്റർ, ജില്ലാ പഞ്ചായത്ത് അംഗം സന്തോഷ് കുമാർ, കോന്നി ഗ്രാമപഞ്ചായത്ത് അംഗം ജയകുമാർ, സിഎഫ്ആർഡി ഡയറക്ടർ (ഇൻ ചാർജ്) എം. യു. ബിജു, സിഎഫ്ടികെ പ്രിൻസിപ്പാൾ (ഇൻ ചാർജ്) ബിനിത കെ. ഭാനു, കാഡ്കോ പോജക്ട് മാനേജർ എസ്. ആദർശ്, കോളജ് യൂണിയൻ ചെയർപേഴ്സൺ എസ്. ആർ. അതുല, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, ഉദ്യോഗസ്ഥർ, വിദ്യാർഥികൾ തുടങ്ങിയവർ പങ്കെടുത്തു.



വൊക്കേഷണൽ എക്സ്പോയ്ക്ക് തുടക്കം

ഓമല്ലൂർ: വിദ്യാർഥികളുടെ അറിവും തൊഴിൽനൈപുണ്യവും സർഗാത്മകതയും പ്രായോഗിക തലത്തിൽ പ്രകടമാക്കുന്ന ചെങ്ങന്നൂർ മേഖല വൊക്കേഷണൽ എക്സ്പോയ്ക്ക് ഓമല്ലൂർ ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിൽ തുടക്കമായി. വിഎച്ച്എസ്ഇ പത്തനംതിട്ട ഡെപ്യൂട്ടി ഡയറക്ടർ ഷീബ മുഹമ്മദ് ഉദ്ഘാടനം ചെയ്തു.

ചെങ്ങന്നൂർ മേഖല വൊക്കേഷണൽ ഹയർ സെക്കൻഡറി അസിസ്റ്റൻറ് ഡയറക്ടർ വി.കെ. പുഷ്പകുമാരി അധ്യക്ഷത വഹിച്ചു. സി.ആർ. ഗീത, കെ. സുമതി, റോജി പോൾ ഡാനിയേൽ, കെ. ശ്രീകുമാർ, ഡോ. രമേശ് ശർമ, കൃഷ്ണകുമാർ, ഉമേഷ്, ദീപു ഉമ്മൻ, വിനോദ് കുമാർ, സജി അലക്സാണ്ടർ എന്നിവർ പ്രസംഗിച്ചു.

ക്ലാസ് മുറികളിൽ നിന്ന് ആർജിക്കുന്ന അറിവ് വെറും പാഠഭാഗങ്ങളിൽ ഒതുങ്ങാതെ പ്രായോഗിക പ്രവർത്തനങ്ങളിലൂടെയും നൂതന കണ്ടുപിടിത്തങ്ങളിലൂടെയും സമൂഹത്തിന് പ്രയോജനപ്പെടുന്ന രീതിയിൽ അവതരിപ്പിക്കപ്പെടുന്നു എന്നതാണ് എക്സ്പോയുടെ സവിശേഷത. വിദ്യാർഥികൾ സ്വന്തം ആശയങ്ങളും സാങ്കേതിക പരിജ്ഞാനവും ഉപയോഗിച്ച് വികസിപ്പിച്ച ഉത്പന്നങ്ങൾ, പ്രവർത്തന മാതൃകകൾ, നൂതന സാങ്കേതികവിദ്യാ പരീക്ഷണങ്ങൾ എന്നിവ പ്രദർശനത്തിൽ ശ്രദ്ധേയമാകുന്നു.

കാർഷിക മേഖലയുമായി ബന്ധപ്പെട്ട വിവിധ മാതൃകകളും ഉത്പന്നങ്ങളും പ്രദർശനത്തിന് മാറ്റുകൂട്ടുന്നുണ്ട്. പഠനത്തോടൊപ്പം തൊഴിൽപരിശീലനം, സ്വയംതൊഴിൽ, സംരംഭകത്വം എന്നിവയ്ക്കും പ്രാധാന്യം നൽകുന്ന വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസത്തിന്റെ സാധ്യതകൾ പൊതുസമൂഹത്തിന് മുന്നിൽ അവതരിപ്പിക്കുന്ന വേദി കൂടിയാണ് എക്സ്പോ.

മൂന്ന് വിഭാഗങ്ങളിലായാണ് വൊക്കേഷണൽ എക്സ്പോ സംഘടിപ്പിച്ചിരിക്കുന്നത്. വിദ്യാർഥികളുടെ തൊഴിൽപരമായ വൈദഗ്ധ്യവും പ്രവർത്തനക്ഷമതയും മത്സരവേദിയിൽ തെളിയിക്കുന്നതിനായി 19 ഇനങ്ങളിൽ തത്സമയ മത്സരങ്ങളും പ്രദർശനമായി ക്രമീകരിച്ചിട്ടുണ്ട്. ആശയങ്ങളെ പ്രവർത്തനങ്ങളാക്കി മാറ്റാനും കഴിവുകൾ നേരിട്ട് പ്രകടിപ്പിക്കാനും വിദ്യാർഥികൾക്ക് അവസരമൊരുക്കുന്നതാണ് മത്സരങ്ങൾ.

എക്സ്പോയുടെ ഭാഗമായി ഒരുക്കിയിരിക്കുന്ന പ്രദർശനം ഓമല്ലൂർ ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിൽ ഇന്നും തുടരും. വിദ്യാർഥികളുടെ പഠനമികവും നൂതന ആശയങ്ങളും തൊഴിൽനൈപുണ്യവും അടുത്തറിയാൻ പൊതുജനങ്ങൾക്കും അവസരമുണ്ട്.

വാക്ക്ഇൻ ഇൻറർവ്യൂ

മഹാത്മാഗാന്ധി സർവകലാശാലയിൽ ഓവർസിയർ ഗ്രേഡ് II (സിവിൽ) തസ്തികയിലേക്ക് താത്കാലിക നിയമനം നടത്തുന്നു. സിവിൽ എഞ്ചിനീയറിംഗിൽ ഡിപ്ലോമയോ തത്തുല്യ യോഗ്യതയോ ഉള്ളവർക്ക് നവംബർ 17ന് രാവിലെ 10 മണിക്ക് വൈസ് ചാൻസലറുടെ ചേമ്പറിൽ നടക്കുന്ന വാക്ക്ഇൻ ഇൻറർവ്യൂവിൽ പങ്കെടുക്കാം. വിവരങ്ങൾക്ക്:www.mgu.ac.in.

പരീക്ഷാഫലം

പത്താം സെമസ്റ്റർ പഞ്ചവത്സര ഇൻറഗ്രേറ്റഡ് ബിബിഎ എൽഎൽബി (ഓണേഴ്സ്) (2021 അഡ്മിഷൻ റഗുലർ, 2018-2020 അഡ്മിഷൻ സപ്ലിമെൻററി) പഞ്ചവത്സര ഇൻറഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബിബിഎ എൽഎൽബി (ഓണേഴ്സ്) 2015-2017 അഡ്മിഷനുകൾ മെഴ്സി ചാൻസ്) ജൂലൈ 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നവംബർ 17 വരെ ഓൺലൈനായി അപേക്ഷിക്കാം.

പത്താം സെമസ്റ്റർ പഞ്ചവത്സര ഇൻറഗ്രേറ്റഡ് ബിഎ എൽഎൽബി (ഓണേഴ്സ്) (2021 അഡ്മിഷൻ റഗുലർ, 2018 2020 അഡ്മിഷൻ സപ്ലിമെൻററി) പഞ്ചവത്സര ഇൻറഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബിഎ എൽഎൽബി (ഓണേഴ്സ്) 2016 2017 അഡ്മിഷനുകൾ മെഴ്സി ചാൻസ്) ജൂലൈ 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നവംബർ 17 വരെ ഓൺലൈനായി അപേക്ഷിക്കാം.

പരീക്ഷയ്ക്ക് അപേക്ഷിക്കാം

ഒന്നാം സെമസ്റ്റർ ബിഎ, ബികോം പ്രൈവറ്റ് രജിസ്ട്രേഷൻ (സിബിസിഎസ്2020-2024 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2017-2019 അഡ്മിഷനുകൾ മെഴ്സി ചാൻസ്) ജനുവരി 2027 പരീക്ഷകൾക്ക് നവംബർ 25 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി നവംബർ 26 വരെയും സൂപ്പർ ഫൈനോടുകൂടി നവംബർ 27 വരെയും അപേക്ഷ സ്വീകരിക്കും.

രണ്ടാം സെമസ്റ്റർ എംഎ ഭരതനാട്യം, കഥകളി വേഷം, കഥകളി സംഗീതം, മൃദംഗം, മോഹിനിയാട്ടം, മ്യൂസിക് വീണ, മ്യൂസിക് വയലിൻ, മ്യൂസിക് വോക്കൽ, ചെണ്ട, മദ്ദളം (2025 അഡ്മിഷൻ റഗുലർ, 2024 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2020-2024 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ മെഴ്സി ചാൻസ്) മെയ് 2026 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നവംബർ 17 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

പരീക്ഷാ തീയതി

പിജി പാരാമെഡിക്കൽ അവസാന സ്പെഷ്യൽ മെഴ്സി ചാൻസ് പരീക്ഷകൾ നവംബർ 18 മുതൽ നടക്കും.

മൂന്നാം സെമസ്റ്റർ എംഎസ്.സി, എംകോം (പിജിസിഎസ്എസ്) (2025 അഡ്മിഷൻ റഗുലർ, 20202024 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ മെഴ്സി ചാൻസ്) നവംബർ 2026 പരീക്ഷകൾ നവംബർ 17 മുതൽ നടക്കും.

മൂന്നാം സെമസ്റ്റർ എംഎ, എംഎസ്ഡബ്ലു, എംഎജെഎംസി,എംറ്റിറ്റിഎം,എംഎച്ച്എം, എംഎഫ്എ (പിജിസിഎസ്എസ്) (2025 അഡ്മിഷൻ റഗുലർ, 2020-2024 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ മെഴ്സി ചാൻസ്) മൂന്നാം സെമസ്റ്റർ എംഎൽഐഎസ്സി (2025 അഡ്മിഷൻ റഗുലർ, 2020-2024 അഡ്മിഷനുകൾ റീഅപ്പിയറൻസ്) നവംബർ 2026 പരീക്ഷകൾ നവംബർ 17 മുതൽ നടക്കും.

അരൂർ–തുറവൂർ ഉയരപ്പാത 2027 മാർച്ചിൽ തുറക്കും

അരൂർ: ദേശീയപാത 66ലെ അരൂർ-തുറവൂർ ഉയരപ്പാത 2027 മാർച്ചിൽ ഗതാഗതത്തിനായി തുറന്നുകൊടുക്കാൻ ലക്ഷ്യമിട്ട് നിർമാണപ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലേക്ക്. പാലത്തിൻറെ സുരക്ഷയും ഭാരം താങ്ങാനുള്ള ശേഷിയും ഉറപ്പാക്കുന്നതിനുള്ള ലോഡ് ടെസ്റ്റ് അടുത്തയാഴ്ച ആരംഭിച്ചേക്കും.

13.23 കിലോമീറ്റർ നീളത്തിൽ ആറുവരിപ്പാതയായി നിർമിക്കുന്ന പദ്ധതിയുടെ 94 ശതമാനം ജോലികളും ഇതിനകം പൂർത്തിയായിട്ടുണ്ട്. ശേഷിക്കുന്ന അപ്രോച്ച് റോഡ്, പ്രവേശനപുറത്തിറങ്ങൽ റാമ്പുകൾ, തുറവൂരിൽ അധികമായി എടുത്തിട്ടുള്ള ആറ് ഫില്ലറുകളിലെ ഗർഡറുകളുടെ നിർമാണം എന്നിവയാണ് പ്രധാനമായും അവശേഷിക്കുന്നത്.ഏകദേശം 2200 കോടി രൂപ ചെലവിലാണ് പദ്ധതി നടപ്പാക്കുന്നത്. 2023 ഫെബ്രുവരി ഒന്നിന് ആരംഭിച്ച നിർമാണം 2026 ജനുവരി 31നകം പൂർത്തിയാക്കാനായിരുന്നു ആദ്യ കരാർ. ആദ്യം 12.75 കിലോമീറ്ററായി വിഭാവനം ചെയ്ത പദ്ധതി പിന്നീട് 13.23 കിലോമീറ്ററായി. 366 തൂണുകളിൽ ഒറ്റനിരയായി നിർമിക്കുന്ന പാതയ്ക്ക് 24.5 മീറ്ററാണ് വീതി.എരമല്ലൂരിലാണ് ടോൾ സംവിധാനം. അരൂർ ബൈപാസ്, ചന്തിരൂർ, പാട്ടുകുളങ്ങര എന്നിവിടങ്ങളിൽ പ്രധാന എക്സിറ്റ്എൻട്രി റാമ്പുകളുമുണ്ടാകും.

സൊസൈറ്റി ടുഡേ
SOCIETY TODAY



റോട്ടറി ക്ലബ്ബ് ഓഫ് കൊച്ചിൻ പ്രസിഡന്റ് ഗായത്രി കൃഷ്ണൻ കമ്മ്യൂണിറ്റി സർവ്വീസ് ചെയർ തോമസ് കെ. ജേക്കബ്, ഹെഡ്ജ് ക്യാപ്പിറ്റൽ സി.എഫ്.ഒ സൂരജ് രാമചന്ദ്രൻ എന്നിവർ ചേർന്ന് ഇന്ദിരാ ഗാന്ധി സഹകരണ ആശുപത്രിക്ക് കൈമാറിയ ഫീറ്റൽ കാർഡിയോടോക്കോഗ്രാഫി മെഷീനും വീഡിയോ ലാറിംഗോസ്കോപ്പും ആശുപത്രി സെക്രട്ടറി അജയ് തറയിൽ, മെഡിക്കൽ സൂപ്രണ്ട് ഡോ. എസ്. സച്ചിദാനന്ദ കമ്മത്ത്, ആശുപത്രി ഡയറക്ടർമാരായ ഇന്ദിരാഭായ് പ്രസാദ്, എൻ.എ അബ്രാഹം, ഡോക്ടർമാരായ നിത്യ ചെറുകാവിൽ, സുബൈദ സെയ്ദ്, ആൻ മേരി ജോർജ്, ഷെദിൻ ഭരത്, സബാഹ ഷബ്നം, ഡോണ ജോസ് എന്നിവർ ചേർന്ന് ഏറ്റുവാങ്ങുന്നു.

ഇന്ദിരാ ഗാന്ധി ആശുപത്രിക്ക് ഫീറ്റൽ കാർഡിയോടോക്കോഗ്രാഫി മെഷീനും വീഡിയോ ലാറിംഗോസ്കോപ്പും കൈമാറി

കൊച്ചി: കൊച്ചി ഇന്ദിരാ ഗാന്ധി സഹകരണ ആശുപത്രിയിലെ അത്യാഹിത, പ്രസവരക്ഷാ വിഭാഗങ്ങളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി റോട്ടറി ക്ലബ്ബ് ഓഫ് കൊച്ചിൻ ഫീറ്റൽ കാർഡിയോടോക്കോഗ്രാഫി മെഷീനും വീഡിയോ ലാറിംഗോസ്കോപ്പും കൈമാറി. ഒമ്പത് ലക്ഷത്തിലധികം രൂപ വിലമതിക്കുന്ന ഉപകരണങ്ങൾ ഹെഡ്ജ് ക്യാപ്പിറ്റലിന്റെ സഹകരണത്തോടെയാണ് നൽകിയതെന്ന് റോട്ടറി ക്ലബ്ബ് ഓഫ് കൊച്ചിൻ പ്രസിഡന്റ് ഗായത്രി കൃഷ്ണൻ പറഞ്ഞു. ഗർഭാവസ്ഥയുടെ അവസാന ഘട്ടത്തിലും പ്രസവസമയത്തും കുട്ടിയുടെ ഹൃദയമിടിപ്പും അമ്മയുടെ ഗർഭാശയ സങ്കോചങ്ങളും കൃത്യമായി നിരീക്ഷിച്ച് സങ്കീർണതകൾ മുൻകൂട്ടി തിരിച്ചറിയാൻ കാർഡിയോടോക്കോഗ്രാഫി മെഷീൻ സഹായിക്കും. എച്ച്.ഡി ക്യാമറയും ഡിജിറ്റൽ ഡിസ്പ്ലേയും അടങ്ങിയ വീഡിയോ ലാറിംഗോസ്കോപ്പ് അത്യാഹിത, തീവ്രപരിചരണ വിഭാഗങ്ങളിലെ അടിയന്തര ശ്വസന പ്രക്രിയകൾ കൂടുതൽ സുരക്ഷിതമാക്കാൻ ഉതകുന്നതാണ്.

ചടങ്ങിൽ കമ്മ്യൂണിറ്റി സർവ്വീസ് ചെയർ തോമസ് കെ. ജേക്കബ്, ഹെഡ്ജ് ക്യാപ്പിറ്റൽ സി.എഫ്.ഒ സൂരജ് രാമചന്ദ്രൻ, ഇന്ദിരാ ഗാന്ധി ആശുപത്രി സെക്രട്ടറി അജയ് തറയിൽ, മെഡിക്കൽ സൂപ്രണ്ട് ഡോ. എസ്. സച്ചിദാനന്ദ കമ്മത്ത്, ആശുപത്രി ഡയറക്ടർമാരായ ഇന്ദിരാ ഭായ് പ്രസാദ്, എൻ.എ അബ്രാഹം, ഡോക്ടർമാരായ നിത്യ ചെറുകാവിൽ, സുബൈദ സെയ്ദ്, ആൻ മേരി ജോർജ്, ഷെദിൻ ഭരത്, സബാഹ ഷബ്നം, ഡോണ ജോസ് എന്നിവർ പങ്കെടുത്തു.



ഫിസാറ്റിൽ നടന്ന സൗരോർജ മേഖലയിലെ നൂതന സാധ്യതകളെക്കുറിച്ചുള്ള രാജ്യാന്തര സമ്മേളനം കൊച്ചിൻ ഷിപ്പിയാർഡ് ജനറൽ മാനേജർ സന്തോഷ് ഫിലിപ്പ് ഉത്ഘാടനം ചെയ്യുന്നു ഡോ. സൂര്യ സൂസൻ അലക്സ്, ഡോ. റിങ്കു സ്കറിയ, ഡോ. ജേക്കബ് തോമസ്, ഡോ. നാഗ ബ്രോമേന്ദ്ര യാദവ് ഗൊറില്ല, ദീപ കെ, ഡോ കെ. ബിജു, പി. ആർ. ഷിമിത്ത്, നോബിൻ മാത്യു, എസ്. സത്യമൂർത്തി, ജെനിബ് ജെ. കാച്ചപ്പിള്ളി, ഡോ. ആർ. അർച്ചന തുടങ്ങിവർ സമീപം

സൗരോർജ പുനരുദ്ധാരണ നൂതന സാങ്കേതിക വിദ്യകളെക്കുറിച്ചുള്ള രാജ്യാന്തര സമ്മേളനത്തിന് ഫിസാറ്റിൽ തുടക്കമായി

കൊച്ചി: സൗരോർജ മേഖലയിലെ നൂതന സാധ്യതകളും അവയുടെ പുതിയ അവസരങ്ങളും വിളിച്ചറിയിക്കുന്ന രാജ്യാന്തര സമ്മേളനത്തിന് അങ്കമാലി ഫിസാറ്റ് എൻജിനിയറിങ് കോളേജിൽ തുടക്കമായി. കൊച്ചിൻ ഷിപ്പിയാർഡ് ജനറൽ മാനേജർ സന്തോഷ് ഫിലിപ് സമ്മേളനം ഉത്ഘാടനം ചെയ്തു. ഫിസാറ്റ് ചെയർമാൻ പി. ആർ. ഷിമിത്ത് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. രണ്ടു ദിവസം നീണ്ടു നിൽക്കുന്ന സമ്മേളനത്തിൽ വിവിധ രാജ്യങ്ങൾ നിന്നുള്ള സാങ്കേതിക വിദഗ്ധർ സംസാരിക്കും. ഇൻസ്റ്റിട്യൂട്ട് ഓഫ് ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എഞ്ചിനീർഴ്സ് സഹകരണത്തോടെ സംഘടിപ്പിക്കുന്ന സമ്മേളനത്തിൽ ലഭിച്ച എഴുനൂറോളം പ്രബന്ധങ്ങളിൽ നിന്ന് നൂറോളം പ്രബന്ധങ്ങൾ അവതരിപ്പിക്കും. യുകെ നോട്ടിങ്ഹാം യൂണിവേഴ്സിറ്റിയിലെ പവർ ഇലക്ട്രോണിക്സ് ആൻഡ് കണ്ട്രോൾ ഗവേഷണ വിഭാഗം ഡയറക്ടർ ഡോ. പാട്രിക് വീലർ, ന്യൂയോർക്കിലെ ബിങ്ഹാംപ്ടൺ യൂണിവേഴ്സിറ്റി പ്രൊഫെസർ ഡോ. സാറ കോട്ടസ്, കൽക്കി ടെക് പ്രോഡക്റ്റ് മാനേജ്മെൻറ് ഡയറക്ടർ നോമിൻ മാത്യൂ, നെസ്റ്റ് ഗ്രൂപ്പ് സീനിയർ ജനറൽ മാനേജർ അനിൽ രാജ്, അണ്ണാമലൈ യൂണിവേസിറ്റി മദ്രാസ് സെക്ഷൻ ഐ. ഇ. ഇ. ഇ. ചെയർ ഡോ. എൻ. കുമരപ്പൻ, മൂന്നാർ എഞ്ചിനീയറിംഗ് കോളേജ് ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് വിഭാഗം മേധാവി ഡോ. കെ. ബിജു, പാലക്കാട് ഐ. ഐ. ടി. അസിസ്റ്റൻറ് പ്രൊഫസർ ഡോ നാഗ ബ്രോമേന്ദ്ര യാദവ് ഗൊറില്ല തുടങ്ങിയവർ സമ്മേളനത്തിൽ സംസാരിക്കും തിരഞ്ഞെടുക്കപ്പെട്ട പ്രബന്ധങ്ങൾ ഐ. ഇ. ഇ. ഇ. എക്സ് പ്ലോറിൽ പ്രസിദ്ധികരിക്കും. സ്മാർട്ട് ട്രാൻസ്ഫോർമേറുകൾ, സ്മാർട്ട് ഗ്രിഡ് സംവിധാനം, ട്രാൻസ്മിഷൻ മോണിറ്ററിങ് തുടങ്ങി വിവിധ വിഷയങ്ങളിലാണ് സമ്മേളനം ഒരുക്കിയിരിക്കുന്നത് . രണ്ടു വർഷം കൂടുമ്പോൾ ഒരുക്കുന്ന ഈ രാജ്യാന്തര സമ്മേളനം ഫിസാറ്റ് ഇലെക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് വിഭാഗമാണ് സംഘടിപ്പിക്കുന്നത്. ചടങ്ങിൽ ഫിസാറ്റ് ട്രഷറർ ജെനിബ് ജെ. കാച്ചപ്പിള്ളി, അസ്സോസിയേറ്റ് സെക്രട്ടറി എസ്. സത്യമൂർത്തി, പ്രിൻസിപ്പൽ ഡോ ജേക്കബ് തോമസ്, ഡീൻ അക്കാഡമിക്സ് ഡോ ആർ അർച്ചന, ഇലെക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക് വിഭാഗം ഹെഡ് സൂര്യ സൂസൻ അലക്സ്, പ്രോഗാം കോ ഓർഡിനേറ്റർ സൗമ്യ സൈമൺ തുടങ്ങിയവർ സംസാരിച്ചു.



മഹാത്മാഗാന്ധി സർവകലാശാലയിൽ സരൾ എഐ ശിൽപ്പശാല സംഘടിപ്പിച്ചു

കോട്ടയം: മഹാത്മാഗാന്ധി സർവകലാശാലയിൽ എഎൻ ആർഎഫ് പെയർ പദ്ധതിയുടെ ഭാഗമായി സരൾ എഐ ശിൽപ്പശാല സംഘടിപ്പിച്ചു.

വൈസ് ചാൻസലർ പ്രൊഫ. (ഡോ.) ഡി. മാവൂതു ഉദ്ഘാടനം ചെയ്തു. ഗവേഷണ പ്രവർത്തനങ്ങൾക്ക് വേഗം കൂട്ടാനും സങ്കീർണമായ പ്രശ്നങ്ങൾക്ക് സമയബന്ധിതമായി പരിഹാരം കണ്ടെത്താനും നിർമ്മിതബുദ്ധി സഹായിക്കുമെന്ന് ഉദ്ഘാടനപ്രസംഗത്തിൽ വൈസ് ചാൻസലർ അഭിപ്രായപ്പെട്ടു.

സാങ്കേതികവിദ്യ ആശയവിനിമയത്തെ ജനാധിപത്യവൽക്കരിച്ചപ്പോൾ നിർമ്മിതബുദ്ധി അറിവിനെ ജനാധിപത്യവൽക്കരിച്ചു. പതിവ് ജോലികൾ നിർമ്മിതബുദ്ധി ഏറ്റെടുക്കുന്നതോടെ നമുക്ക് ലഭ്യമാകുന്ന അധിക സമയം ഉത്തരവാദിത്തത്തോടെ വിനിയോഗിക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സർവകലാശാലാ രജിസ്ട്രാർ പ്രൊഫ. (ഡോ.) ബിനു ജോർജ് വർഗീസ് മുഖ്യപ്രഭാഷണം നടത്തി. സരൾ എഐ പരിശീലനത്തിന് ഹൈദരാബാദ് ഐഐഐടിയിലെ പ്രൊഫസറും അനുസന്ധൻ നാഷണൽ റിസർച്ച് ഫൗണ്ടേഷൻ വിസിറ്റിംഗ് സയൻറിസ്റ്റുമായ പ്രൊഫ. പൊന്നുരംഗം കുമാരഗുരു നേതൃത്വം നൽകി.

സങ്കീർണ്ണമായ ശാസ്ത്രസാങ്കേതിക പ്രബന്ധങ്ങളും പേറ്റൻറുകളും സാധാരണക്കാർക്കും വിദ്യാർത്ഥികൾക്കും മനസ്സിലാകുന്ന ഭാഷയിലേക്ക് മാറ്റാനും, ലളിതമായ വീഡിയോകൾ, പോഡ്കാസ്റ്റുകൾ, പ്രസൻറേഷൻ സ്ലൈഡുകൾ, പോസ്റ്ററുകൾ എന്നിവ തയ്യാറാക്കാനും മറ്റും ഉപയോഗിക്കാവുന്ന സംവിധാനമാണ് സരൾ എ. ഐ. ഐ.ഐ.ഐ.ടി. ഹൈദരാബാദിൻറെ സഹായത്തോടെ എ.എൻ.ആർ.എഫ്. ആണ് സരൾ (സിംപ്ലിഫൈഡ് ആൻഡ് ഓട്ടോമേറ്റഡ് റിസർച്ച് ആംപ്ലിഫിക്കേഷൻ ആൻഡ് ലേണിംഗ്) എഐ വികസിപ്പിച്ചെടുത്തത്.

സരൾ എഐയുടെ സാധ്യതകളും വിവിധ മേഖലകളിലെ ഉപയോഗങ്ങളും അദ്ദേഹം പരിചയപ്പെടുത്തി. നിരവധി ഇന്ത്യൻ ഭാഷകളിലേക്ക് ഉള്ളടക്കം വിവർത്തനം ചെയ്യുന്നതിനും ആശയവിനിമയം കൂടുതൽ സുഗമമാക്കുന്നതിനും സരൾ എഐ എങ്ങനെ പ്രയോജനപ്പെടുത്താമെന്ന് അദ്ദേഹം വിശദീകരിച്ചു.സരൾ എഐയുടെ പരീക്ഷണാടിസ്ഥാനത്തിലുള്ള ഉപയോഗം, ഗവേഷണ ഫണ്ടിങ്ങുമായി ബന്ധപ്പെട്ട വിഷയങ്ങൾ എന്നിവ ചർച്ച ചെയ്തു.

കേരള സർവകലാശാലയിലെ കമ്പ്യൂട്ടേഷണൽ ബയോളജി ആൻഡ് ബയോഇൻഫർമാറ്റിക്സ് വിഭാഗം അധ്യാപിക ഡോ.ഷീബ കെ., എ ഐ അധിഷ്ഠിത കമ്പ്യൂട്ടേഷണൽ ബയോളജിയും, ബയോഇൻഫർമാറ്റിക്സ് മേഖലകളിലെ നൂതന സാങ്കേതികവിദ്യകളും ഉപകരണങ്ങളും അവയുടെ പ്രയോഗങ്ങളും പരിചയപ്പെടുത്തി. ശിൽപ്പശാലയിൽ അധ്യാപകരും ഗവേഷകരും വിദ്യാർത്ഥികളും പങ്കെടുത്തു. എഎൻ ആർഎഫ് പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ പ്രൊഫ. (ഡോ.) ഇ.കെ.രാധാകൃഷ്ണൻ സ്വാഗതം ആശംസിച്ച ചടങ്ങിൽ, സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് പ്രൊഫസർ പ്രൊഫ. (ഡോ.) എസ്. അനസ് ആശംസകൾ നേർന്നു. സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസ് ഡയറക്ടർ പ്രൊഫ. (ഡോ.) ജ്യോതിഷ ജെ. നായർ നന്ദി രേഖപ്പെടുത്തി.

ബിഷപ് ജെറോം ഇൻസ്റ്റിറ്റ്യൂട്ടിൽ ശാസ്ത്ര സാങ്കേതിക പ്രദർശനം

കൊല്ലം: സ്കൂൾ വിദ്യാർഥികളിൽ ശാസ്ത്രാഭിരുചിയും സാങ്കേതിക നൈപുണ്യവും സർഗാത്മകതയും വളർത്തുകയെന്ന ലക്ഷ്യത്തോടെ കൊല്ലം ബിഷപ് ജെറോം ഇൻസ്റ്റിറ്റ്യൂട്ടിൻറെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ശാസ്ത്ര സാങ്കേതിക പ്രദർശനവും പഠനോത്സവവുമായ എക്സോ ഫെസ്റ്റ് വ്യാഴാഴ്ച കോളജ് കാമ്പസിൽ നടക്കും. എട്ട്, ഒൻപത്, 10 ക്ലാസുകളിലെയും പ്ലസ് വൺ, പ്ലസ്ടു ക്ലാസുകളിലെയും വിദ്യാർഥികൾക്കായാണ് മേള ഒരുക്കുന്നതെന്ന് സംഘാടകർ അറിയിച്ചു.

വിവിധ എൻജിനിയറിംഗ് വിഭാഗങ്ങളുടെ നേതൃത്വത്തിൽ നൂതന സാങ്കേതിക പ്രദർശനങ്ങൾ. വിദ്യാർഥികളുടെ പ്രോജക്ട് അവതരണങ്ങൾ, പ്രായോഗിക പരിശീലന ശിൽപശാലകൾ എന്നിവ സംഘടിപ്പിക്കും. ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എൻജിനിയറിംഗ് വിഭാഗം ആധുനിക സാങ്കേതിക വിദ്യകളും വിദ്യാർഥികളുടെ പ്രോജക്ടുകളും അവതരിപ്പിക്കും. സിവിൽ എൻജിനിയറിംഗ് വിഭാഗം നിർമാണ സാങ്കേതിക വിദ്യകളും എൻജിനിയറിംഗ് മാതൃകകളും പ്രദർശിപ്പിക്കും. ആർക്കിടെക്ചർ വിഭാഗം കെട്ടിട മാതൃകകളും നൂതന വാസ്തുവിദ്യാ രൂപകൽപനകളും പരിചയപ്പെടുത്തും. ഇലക്ട്രോണിക്സ് ആൻഡ് കമ്യൂണിക്കേഷൻ എൻജിനിയറിംഗ് വിഭാഗം മൈക്രോ കൺട്രോളർ സാങ്കേതിക വിദ്യയെ അടിസ്ഥാനമാക്കിയുള്ള പ്രായോഗിക ശില്പശാല സംഘടിപ്പിക്കും.

സൊസൈറ്റി ടുഡേ SOCIETY TODAY

യൂത്ത് ഒളിമ്പിക്സിൽ ഇന്ത്യയ്ക്ക് ആദ്യ നീന്തൽ മെഡൽ



മുംബൈ/പൂനെ: ബജാജ് ഫിൻസെർവിന്റെ പിന്തുണയോടെ മത്സരിക്കുന്ന ഇന്ത്യൻ താരം ധിനിധി ദേശിംഗു യൂത്ത് ഒളിമ്പിക്സ് നീന്തൽ മത്സരത്തിൽ രാജ്യത്തിന് ചരിത്രത്തിലെ ആദ്യ മെഡൽ സമ്മാനിച്ചു. ഡാക്കർ 2026 യൂത്ത് ഒളിമ്പിക്സിൽ വനിതകളുടെ 100 മീറ്റർ ഫ്രീസ്റ്റൈലിൽ 56.27 സെക്കൻഡിൽ ഫിനിഷ് ചെയ്ത 16കാരി ദേശീയ റെക്കോർഡോടെ വെങ്കലം നേടി. ക്രൊയേഷ്യയുടെ അന ബൊബനോവിച്ച് (55.89 സെക്കൻഡ്), ന്യൂസിലൻഡിന്റെ അലിസ ലോസൺ (56.13 സെക്കൻഡ്) എന്നിവരാണ് യഥാക്രമം സ്വർണവും വെള്ളിയും നേടിയത്. യൂത്ത് ഒളിമ്പിക്സ് നീന്തൽ ഫൈനലിലെത്തുന്ന ആദ്യ ഇന്ത്യൻ വനിതാ താരമെന്ന നേട്ടവും ബെംഗളൂരുവിൽ നിന്നുള്ള ധിനിധി സ്വന്തമാക്കി.

2024ലെ പാരിസ് ഒളിമ്പിക്സിൽ ഇന്ത്യയുടെ ഏറ്റവും പ്രായം കുറഞ്ഞ താരമായിരുന്നു ധിനിധി. ഒരിക്കൽ നീന്തലിനോട് ഭയമുണ്ടായിരുന്ന താരം ഇന്ന് രാജ്യത്തെ മികച്ച നീന്തൽ താരങ്ങളിലൊരാളായി വളർന്നിരിക്കുകയാണ്. ഈ വർഷം മുതലാണ് ബജാജ് ഫിൻസെർവ് ധിനിധിക്ക് പിന്തുണ നൽകിത്തുടങ്ങിയത്. പരിശീലനം, മത്സരങ്ങളിൽ പങ്കെടുക്കാനുള്ള അവസരങ്ങൾ, കായിക ഉപകരണങ്ങൾ, ശാരീരികക്ഷമത, പരിക്കുകൾക്കും കഠിന പരിശീലനത്തിനും ശേഷമുള്ള വീണ്ടെടുക്കൽ തുടങ്ങിയ മേഖലകളിലാണ് കമ്പനിയുടെ സഹായം. നീന്തൽ, ബാഡ്മിന്റൺ, ടെന്നീസ് എന്നീ കായിക ഇനങ്ങളിലെ യുവതാരങ്ങളെ ദീർഘകാലാടിസ്ഥാനത്തിൽ പിന്തുണയ്ക്കുന്നതിന്റെ ഭാഗമായാണ് ധിനിധിയെയും പദ്ധതിയിൽ ഉൾപ്പെടുത്തിയത്.

ധിനിധിയുടെ ചരിത്രനേട്ടം ഇന്ത്യയുടെ അഭിമാന നിമിഷമാണെന്നും വലിയ സ്വപ്നങ്ങൾ കാണുന്ന യുവ കായികതാരങ്ങൾക്ക് ഇത് പ്രചോദനമാകുമെന്നും ബജാജ് ഫിൻസെർവ് ലിമിറ്റഡ് ഗ്രൂപ്പ് ചീഫ് മാർക്കറ്റിങ് ഓഫീസറും ബജാജ് ഫിനാൻസ് ലിമിറ്റഡ് ഡിജിറ്റൽ പ്ലാറ്റ്ഫോംസ് പ്രസിഡന്റുമായ മാനവ് മിയാൻവാൾ പറഞ്ഞു. വർഷങ്ങളുടെ കഠിനാധ്വാനവും ത്യാഗവും അസാധാരണമായ നിശ്ചയദാർഢ്യവുമാണ് ഈ മെഡൽ നേട്ടത്തിന് പിന്നിലെന്നും വ്യക്തിഗത മികവിനൊപ്പം കൂട്ടായ പിന്തുണ ലഭിച്ചാൽ ഇന്ത്യൻ താരങ്ങൾക്ക് ലോകത്തിലെ മികച്ചവരോട് മത്സരിക്കാനാകുമെന്ന് ധിനിധിയുടെ നേട്ടം തെളിയിക്കുന്നതായും അദ്ദേഹം പറഞ്ഞു. താരത്തിന്റെ കായികയാത്രയിൽ പങ്കാളികളാകാൻ കഴിഞ്ഞതിൽ അഭിമാനമുണ്ടെന്നും ധിനിധിക്കും കുടുംബത്തിനും പരിശീലകർക്കും അഭിനന്ദനങ്ങൾ അറിയിക്കുന്നതായും അദ്ദേഹം വ്യക്തമാക്കി.

രാജ്യത്ത് ഏതാനും കായിക ഇനങ്ങൾക്കു മാത്രമാണ് വലിയ ശ്രദ്ധയും സാമ്പത്തിക പിന്തുണയും ലഭിക്കുന്നതെന്നും പ്രതിഭയുള്ള നിരവധി യുവ താരങ്ങൾക്ക് കഴിവ് തെളിയിക്കാനുള്ള അവസരങ്ങളും ആവശ്യമായ പിന്തുണയും ലഭിക്കുന്നില്ലെന്നും കമ്പനി ചൂണ്ടിക്കാട്ടി. കരിയറിന്റെ തുടക്കത്തിൽ തന്നെ താരങ്ങൾക്ക് പിന്തുണ നൽകുന്നതിലൂടെ കുടുംബങ്ങളുടെ സാമ്പത്തിക ബാധ്യത കുറയ്ക്കാനും പരിശീലനത്തിലും പ്രകടനം മെച്ചപ്പെടുത്തുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കാൻ അവരെ സഹായിക്കാനുമാണ് ലക്ഷ്യമിടുന്നത്. ഓരോ മെഡൽ നേട്ടത്തിനും പിന്നിൽ താരത്തിന്റെ വ്യക്തിഗത മികവിനൊപ്പം കുടുംബം, പരിശീലകർ, പിന്തുണ നൽകുന്നവർ എന്നിവരുടെ കൂട്ടായ പരിശ്രമവുമുണ്ടെന്നും കമ്പനി വ്യക്തമാക്കി.

ധിനിധിക്കു പുറമെ കൂടുതൽ നീന്തൽ താരങ്ങൾക്കും കമ്പനി പിന്തുണ നൽകും. യുവ ബാഡ്മിന്റൺ താരങ്ങളെയും പ്രോത്സാഹിപ്പിക്കുന്നുണ്ട്. തമിഴ്നാട് ടെന്നീസ് അസോസിയേഷനുമായുള്ള സഹകരണത്തിലൂടെ ദിയ രമേഷ് (റാങ്കിങ് 3), ദീപ് ശിഖ വിനായഗമൂർത്തി (4), സവിത ഭുവനേശ്വരൻ (5), ശ്രീ ശൈലേശ്വരി വേൽമണികണ്ഠൻ (19) എന്നീ നാല് യുവ ടെന്നീസ് താരങ്ങൾക്കും സഹായം നൽകുന്നുണ്ട്. മികച്ച പരിശീലനം, പരിശീലന സൗകര്യങ്ങൾ, മത്സരാവസരങ്ങൾ, കായിക ഉപകരണങ്ങൾ, പോഷകാഹാരം, ഫിറ്റ്നസ് പിന്തുണ എന്നിവയ്ക്കൊപ്പം യാത്ര, താമസ ചെലവുകൾക്കും കമ്പനി സഹായം നൽകുന്നു.

എസ്ബിഐയുടെ അറ്റാദായത്തിൽ 14.28 ശതമാനം വർധന

കൊച്ചി: നടപ്പ് സാമ്പത്തിക വർഷത്തിന്റെ രണ്ടാം പാദത്തിൽ മുൻവർഷത്തെ സമാന പാദത്തെ അപേക്ഷിച്ച് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (എസ് ബിഐ) യുടെ അറ്റാദായം 14.28 ശതമാനം വർധിച്ച് 23,038 കോടി രൂപയിലെത്തി. ഇതേ കാലയളവിൽ ബാങ്കിന്റെ പ്രവർത്തന ലാഭം 7.28 ശതമാനം വാർഷിക വളർച്ചയോടെ 34,226 കോടി രൂപയായും ഉയർന്നിട്ടുണ്ട്.

കൂടാതെ അറ്റ പലിശ വരുമാനം 14.69 ശതമാനം വർധിച്ച് 49,143 കോടി രൂപയായി. അർദ്ധ വാർഷിക കണക്കുകൾ പ്രകാരം ബാങ്കിന്റെ ആസ്തികളിൽ നിന്നുള്ള വരുമാനം 1.14 ശതമാനവും ഓഹരി മൂലധനത്തിൽ നിന്നുള്ള വരുമാനം 18.68 ശതമാനവുമാണ്.

ബാങ്കിന്റെ മൊത്തം ബിസിനസ്സ് ഏകദേശം 115 ലക്ഷം കോടി രൂപയിലെത്തി. മൊത്തം നിക്ഷേപങ്ങൾ 12.27 ശതമാനം വാർഷിക വളർച്ചയോടെ 63 ലക്ഷം കോടി രൂപയായി. ബാങ്ക് നൽകിയ മൊത്തം വായ്പകൾ 17.84 ശതമാനം വാർഷിക വളർച്ചയോടെ 52 ലക്ഷം കോടി രൂപയായി.

ആഭ്യന്തര വായ്പകൾ 16.94 ശതമാനവും, വിദേശ വായ്പകൾ ഡോളർ മൂല്യത്തിൽ 13.84 ശതമാനവും വളർച്ച നേടി. റീട്ടെയിൽ വ്യക്തിഗത വായ്പകളിൽ 14.54 ശതമാനവും കോർപ്പറേറ്റ് വായ്പകളിൽ 16.12 ശതമാനവും കാർഷിക വായ്പകളിൽ 22.64 ശതമാനവും എസ്എംഇ വായ്പകളിൽ 21.97 ശതമാനവും വളർച്ച രേഖപ്പെടുത്തി.

ബാങ്കിന്റെ ആസ്തി ഗുണനിലവാരത്തിലും കാര്യമായ പുരോഗതിയുണ്ട്. മൊത്ത നിഷ്ക്രിയ ആസ്തി കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 34 ബേസിസ് പോയിന്റ് കുറഞ്ഞ് 1.39 ശതമാനമായി. അറ്റ നിഷ്ക്രിയ ആസ്തി 6 ബേസിസ് പോയിന്റ് കുറഞ്ഞ് 0.36 ശതമാനത്തിലെത്തി.

രണ്ടാം പാദത്തിന്റെ അവസാനത്തിൽ ബാങ്കിന്റെ മൂലധന പര്യാപ്തതാ അനുപാതം 16.09 ശതമാനമാണ്. പ്രൊവിഷൻ കവറേജ് അനുപാതം നിലവിൽ 74.43 ശതമാനമാണെന്നും ബാങ്ക് വ്യക്തമാക്കി.

വ്യാജ ഉത്പന്നങ്ങൾ; ഉപഭോക്താക്കൾക്ക് ജാഗ്രതാ നിർദ്ദേശവുമായി ബോംബെ ഡൈയിംഗ്

കൊച്ചി: മുൻനിര ഗാർഹിക ടെക്സ്റ്റൈൽ ബ്രാൻഡായ ബോംബെ ഡൈയിംഗ് ആൻഡ് മാനുഫാക്ചറിംഗ് കമ്പനി ലിമിറ്റഡ് (ബോംബെ ഡൈയിംഗ്), 'കോറൽ വൈൻ' എന്ന പേരിൽ വിപണിയിൽ വിറ്റഴിക്കുന്ന വ്യാജ ഉൽപ്പന്നങ്ങൾക്കെതിരെ ഉപഭോക്താക്കൾക്ക് ജാഗ്രതാ നിർദ്ദേശം നൽകി. ബോംബെ ഡൈയിംഗിന്റെ പേരും ലോഗോയും വ്യാജമായി ഉപയോഗിച്ച് തെരുവുകളിലും താത്കാലിക സ്റ്റാളുകളിലും റെസിഡൻഷ്യൽ സൊസൈറ്റികളിലും ചില അനധികൃത വിൽപ്പനക്കാർ ഈ ഉൽപ്പന്നങ്ങൾ വിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് കമ്പനി പൊതു മുന്നറിയിപ്പ് പുറപ്പെടുവിച്ചത്.

നിലവിൽ 'കോറൽ വൈൻ' എന്ന പേരിൽ കമ്പനി യാതൊരു ഉൽപ്പന്നങ്ങളും നിർമ്മിക്കുകയോ വിൽക്കുകയോ ചെയ്യുന്നില്ലെന്നും, ഇത്തരം വ്യാജ ഉൽപ്പന്നങ്ങൾ ഗുണനിലവാരം കുറഞ്ഞതും ഗുരുതരമായ ചർമ്മ അലർജികൾ ഉൾപ്പെടെയുള്ള ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമായേക്കാമെന്നും വ്യക്തമാക്കി.

ഇത്തരം തട്ടിപ്പുകളിൽപ്പെടാതിരിക്കാൻ കമ്പനിയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമായ അംഗീകൃത ഡീലർമാരിൽ നിന്നും റീട്ടെയിലർമാരിൽ നിന്നും മാത്രം ഉൽപ്പന്നങ്ങൾ വാങ്ങണമെന്നും കമ്പനി അറിയിച്ചു. വ്യാജ വിൽപ്പനക്കാർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിച്ചുവരികയാണെന്നും കമ്പനി അറിയിച്ചു.

ഓസ്ട്രിയ പബ്ലിക് യൂണിവേഴ്സിറ്റി അഡ്മിഷൻ ഡേ: സർവകലാശാലാ പ്രതിനിധികൾ ആറിന് കൊച്ചിയിൽ

കൊച്ചി: യൂറോപ്പിലെ മികച്ച വിദ്യാഭ്യാസ കേന്ദ്രങ്ങളിലൊന്നായ ഓസ്ട്രിയയിലെ പൊതു സർവകലാശാലകളിൽ ഉപരിപഠനം ആഗ്രഹിക്കുന്ന വിദ്യാർഥികൾക്ക് നേരിട്ട് വിവരങ്ങൾ അറിയാൻ അവസരം.

സാന്റാ മോണിക്ക സ്റ്റഡി എബ്രോഡിന്റെ നവംബർ ആറിന് കൊച്ചി രവിപുരത്തെ ഓഫിസിൽ ഓസ്ട്രിയ പബ്ലിക് യൂണിവേഴ്സിറ്റി അഡ്മിഷൻ ഡേ സംഘടിപ്പിക്കുന്നു. രാവിലെ 11 മുതൽ വൈകുന്നേരം നാലു വരെ നടക്കുന്ന പരിപാടിയിൽ സർവകലാശാലകളുടെ പ്രതിനിധികൾ പങ്കെടുക്കും.

എൻജിനിയറിംഗ്, ഐടി, ബിസിനസ്, മാനേജ്മെൻറ്, സയൻസ് തുടങ്ങി വിവിധ മേഖലകളിൽ ബിരുദ, ബിരുദാനന്തര പഠനസാധ്യതകൾ പരിചയപ്പെടുത്തും. ട്യൂഷൻ ഫീസ് ഇല്ലാത്തതോ താരതമ്യേന കുറഞ്ഞ ഫീസുള്ളതോ ആയ പൊതുസർവകലാശാലകളിലെ കോഴ്സുകൾ, പ്രവേശന യോഗ്യത കൾ, ഇംഗ്ലീഷ് മീഡിയം പ്രോഗ്രാമുകൾ, സ്കോളർഷിപ്പുകൾ, പാർട്ട് ടൈം ജോലി സാധ്യതകൾ, പഠനശേഷമുള്ള തൊഴിലവസരങ്ങൾ എന്നിവയെക്കുറിച്ച് നേരിട്ട് ചോദിച്ചറിയാം.

2027 മാർച്ച്, ഒക്ടോബർ ഇൻടേക്കുകളിലേക്കുള്ള പ്രവേശന നടപടികൾ, അപേക്ഷാ സമയപരിധി, ആവശ്യമായ അക്കാദമിക് രേഖകൾ, ഐഇഎൽടിഎസ് ഉൾപ്പെടെയുള്ള ഇംഗ്ലീഷ് ഭാഷാ യോഗ്യതകൾ, വീസ നടപടികൾ എന്നിവയിലും മാർഗനിർദേശം ലഭിക്കും. മറ്റ് ഓസ്ട്രിയൻ പൊതു സർവകലാശാലകളിലെ പഠന സാധ്യതകൾ പരിശോധിക്കാനും വിദ്യാർഥികൾക്ക് അവസരമുണ്ടാകും.

പ്ലസ് ടു പൂർത്തിയാക്കിയവർക്കും ബിരുദ, ബിരുദാനന്തര പഠനം പൂർത്തിയാക്കിയവർക്കും നിലവിൽ പഠിച്ചുകൊണ്ടിരിക്കുന്നവർക്കും പങ്കെടുക്കാം.

സ്ഥലം: സാന്റാ മോണിക്ക കൊച്ചി ഓഫിസ്, മൂന്നാം നില, മേഴ്സി എസ്റ്റേറ്റ്, രവിപുരം, എംജി റോഡ്, കൊച്ചി. 682015. ഫോൺ: 0484 4150 999, 7034 119 990.

സൊസൈറ്റി ടുഡേ
SOCIETY TODAY



ഡിപി വേൾഡും വിഷൻസ്പ്രിംഗ് ഫൗണ്ടേഷനും ചേർന്ന് വാണിജ്യ വാഹന ഡ്രൈവർമാർക്കായി സംഘടിപ്പിച്ച സൗജന്യ നേത്ര പരിശോധനയും കണ്ണട വിതരണ ക്യാമ്പും.

വാണിജ്യ വാഹന ഡ്രൈവർമാർക്കായി സൗജന്യ നേത്രപരിചരണ പദ്ധതി വിപുലീകരിച്ച് ഡിപി വേൾഡ്

കൊച്ചി: ഇന്ത്യയിലുടനീളമുള്ള ഏകദേശം 12,000 വാണിജ്യ വാഹന ഡ്രൈവർമാർക്കും ഗതാഗത മേഖലയിലെ തൊഴിലാളികൾക്കും സൗജന്യ നേത്രപരിശോധനയും

കണ്ണടകളും നൽകാനായി ഡിപി വേൾഡിന്റെ 'ഷിപ്പിംഗ് സൊല്യൂഷൻസ് എഎംഇഎ' വിഭാഗം വിഷൻസ്പ്രിംഗ് ഫൗണ്ടേഷനുമായുള്ള പങ്കാളിത്തം വിപുലീകരിച്ചു.റോഡ് സുരക്ഷ മെച്ചപ്പെടുത്തുന്നതിനും ഡ്രൈവർമാരുടെ ക്ഷേമം ഉറപ്പാക്കുന്നതിനും ഈ പദ്ധതി സഹായകമാകും. മുംബൈയിലെ ജവഹർലാൽ നെഹ്റു തുറമുഖത്ത് തുടക്കമിട്ട നേത്ര പരിശോധനകൾവരും ദിവസങ്ങളിൽ കൊച്ചി, ഡൽഹി, കൊൽക്കത്ത എന്നിവിടങ്ങളിലും നടത്തും .

പദ്ധതിയുടെ ഭാഗമായി വിദഗ്ധരായ ആരോഗ്യപ്രവർത്തകർ സമഗ്രമായ നേത്രപരിശോധനയും സൗജന്യ കണ്ണടകളും നൽകുന്നതോടൊപ്പം, തിമിരം പോലെയുള്ള രോഗലക്ഷണങ്ങൾ കണ്ടെത്തുന്നവരെ തുടർചികിത്സയ്ക്കായി പ്രാദേശിക ചാരിറ്റബിൾ സ്ഥാപനങ്ങളിലേക്കോ സർക്കാർ ആരോഗ്യ കേന്ദ്രങ്ങളിലേക്കോ റഫർ ചെയ്യുകയും ചെയ്യും.

2025ൽ ഗുജറാത്തിൽ വിജയകരമായി നടപ്പിലാക്കിയ പദ്ധതിയുടെ തുടർച്ചയായാണ് മറ്റ് സ്ഥലങ്ങളിലേക്ക് കൂടി പദ്ധതി വിപുലീകരിക്കുന്നത്.അന്ന് 9,000 തൊഴിലാളികളെ പരിശോധിക്കുകയും 5,200ലധികം കണ്ണടകൾ വിതരണം ചെയ്യുകയും ചെയ്തിരുന്നു. പരിശോധനയ്ക്ക് വിധേയരായവരിൽ 61 ശതമാനം പേർക്കും കാഴ്ചപ്രശ്നങ്ങൾ ഉള്ളതായി കണ്ടെത്തിയതിൽ, 94 ശതമാനം പേരും ആദ്യമായാണ് കണ്ണട ഉപയോഗിക്കുന്നത് എന്നത് ഈ മേഖലയിലെ നേത്രപരിചരണ ലഭ്യതക്കുറവിനെയാണ് വ്യക്തമാക്കുന്നത്. ഈ പരിപാടിയിലൂടെ ഡ്രൈവർമാർക്ക് മികച്ച നേത്ര പരിചരണം ഉറപ്പാക്കാനും, സുരക്ഷിതമായി റോഡിൽ തുടരാനും സഹായിക്കുന്നുവെന്ന്

ഡിപി വേൾഡിന്റെ ഷിപ്പിംഗ് സൊല്യൂഷൻസ് എഎംഇഎയുടെ റീജിയണൽ ഡയറക്ടർ സി എം മുരളീധരൻ പറഞ്ഞു.



ജാവ, യെസ്ഡി, ബിഎസ്എ സ്പെയർ പാർട്സ് വിതരണം വിപുലീകരിക്കുന്നു

കൊച്ചി: ജാവ, യെസ്ഡി, ബിഎസ്എ മോട്ടോർസൈക്കിളുകളുടെ യഥാർഥ സ്പെയർ പാർട്സുകൾ എളുപ്പത്തിൽ ലഭ്യമാക്കുന്നതിനായി രാജ്യവ്യാപകമായി അംഗീകൃത വിതരണ ശൃംഖല വിപുലീകരിക്കുന്നു. ഡീലർഷിപ്പുകൾക്ക് പുറമെ ഉപഭോക്താക്കൾക്കും വർക്ക്ഷോപ്പുകൾക്കും സർവീസ് പങ്കാളികൾക്കും സ്പെയർ പാർട്സുകൾ ലഭ്യമാക്കുകയാണ് ലക്ഷ്യം. രാജ്യത്തെ വിവിധ തന്ത്രപ്രധാന കേന്ദ്രങ്ങളിലായി അംഗീകൃത വിതരണ പങ്കാളികൾ വഴിയാണ് പദ്ധതി നടപ്പാക്കുന്നത്. ഇതിലൂടെ സ്പെയർ പാർട്സുകളുടെ ലഭ്യത വർധിപ്പിക്കാനും സർവീസ് നടപടികൾ വേഗത്തിലാക്കാനും സാധിക്കും. ഉപഭോക്താക്കളുടെ പ്രതികരണങ്ങൾ പരിഗണിച്ച് ഉടമസ്ഥാവകാശ അനുഭവം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായാണ് നടപടി. ഗുണനിലവാരം, വിശ്വാസ്യത, അനുയോജ്യത എന്നിവ ഉറപ്പാക്കുന്നതിനൊപ്പം കൂടുതൽ മേഖലകളിലേക്ക് സേവനം വ്യാപിപ്പിക്കാനും കമ്പനി ലക്ഷ്യമിടുന്നു.



പിഎൻബി വിജിലൻസ് വാരാചരണത്തിന് സമാപനം; സൈക്കത്തോൺ സംഘടിപ്പിച്ചു

ന്യൂദൽഹി: വിജിലൻസ് അവബോധ വാരാചരണത്തിന്റെ സമാപനത്തോടനുബന്ധിച്ച് പഞ്ചാബ് നാഷണൽ ബാങ്ക് (പിഎൻബി) സൈക്കത്തോൺ 2026 സംഘടിപ്പിച്ചു. നവംബർ ഒന്നിന് ന്യൂഡൽഹിയിലെ ദ്വാരകയിലുള്ള ബാങ്കിന്റെ കോർപറേറ്റ് ഓഫീസിൽ നടന്ന പരിപാടി എംഡിയും സിഇഒയുമായ അശോക് ചന്ദ്ര, ചീഫ് വിജിലൻസ് ഓഫീസർ രാഘവേന്ദ്ര കുമാർ എന്നിവർ ചേർന്ന് ഫ്ളാഗ് ഓഫ് ചെയ്തു. ഒക്ടോബർ 26 മുതൽ നവംബർ ഒന്ന് വരെ നടന്ന വിജിലൻസ് വാരാചരണത്തിന്റെ ഈ വർഷത്തെ പ്രമേയം 'സമൃദ്ധിക്കായി സത്യനിഷ്ഠ' എന്നതായിരുന്നു. ബാങ്ക് എക്സിക്യൂട്ടീവ് ഡയറക്ടർ ഡി. സുരേന്ദ്രന്റെ നേതൃത്വത്തിൽ ജീവനക്കാരും സൈക്ലിങ് പ്രേമികളും പരിപാടിയിൽ പങ്കെടുത്തു.

വിജിലൻസ് എന്നത് നടപടിക്രമങ്ങളുടെ ഭാഗം മാത്രമല്ലെന്നും ദൈനംദിന പ്രവർത്തനങ്ങളിലും തീരുമാനങ്ങളിലും പ്രതിഫലിക്കേണ്ട സ്ഥാപനമൂല്യമാണെന്നും അശോക് ചന്ദ്ര പറഞ്ഞു. സുതാര്യത, ധാർമികത, ഉത്തരവാദിത്തബോധം എന്നിവ ശക്തിപ്പെടുത്തുന്നതിനും അഴിമതിരഹിതമായ പ്രവർത്തനസംസ്കാരം വളർത്തുന്നതിനുമുള്ള പ്രതിബദ്ധതയാണ് സൈക്കത്തോൺ മുന്നോട്ടുവെക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

വിജിലൻസ് വാരാചരണത്തിന്റെ ഭാഗമായി രാജ്യവ്യാപകമായി വിവിധ ബോധവത്കരണ പരിപാടികളും ബാങ്ക് സംഘടിപ്പിച്ചിരുന്നു.

ദീപാവലി ഹ്രസ്വചിത്രവുമായി സൗത്ത് ഇന്ത്യൻ ബാങ്ക്

കൊച്ചി: ബന്ധങ്ങളിൽ നിക്ഷേപിക്കാം എന്ന ബ്രാൻഡ് പ്രമേയത്തെ അടിസ്ഥാനമാക്കി സൗത്ത് ഇന്ത്യൻ ബാങ്ക് തങ്ങളുടെ പുതിയ ദീപാവലി ക്യാംപെയിൻ പരസ്യചിത്രം പുറത്തിറക്കി. പരമ്പരാഗത ആഘോഷങ്ങൾക്കപ്പുറം പരസ്പരം പങ്കുവെക്കുന്ന സന്തോഷവും സ്നേഹവുമാണ് ദീപാവലിയുടെ യഥാർത്ഥ വെളിച്ചമെന്ന സന്ദേശമാണ് ഈ ഹ്രസ്വചിത്രം മുന്നോട്ടുവെക്കുന്നത്. ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിൽ റിലീസ് ചെയ്ത് 48 മണിക്കൂറിനുള്ളിൽ രണ്ട് കോടിയിലധികം കാഴ്ചക്കാരുമായി മികച്ച പ്രതികരണമാണ് ചിത്രം നേടുന്നത്.

ഒരു ദീപാവലി ഓപ്പൺ മൈക്ക് വേദിയുടെ പശ്ചാത്തലത്തിലാണ് വീഡിയോ ചിത്രീകരിച്ചിരിക്കുന്നത്. 'ദീപാവലിക്ക് മധുരപലഹാരങ്ങളിൽ വെച്ച് ഏറ്റവും മധുരമുള്ളത് എന്താണ്? ഉത്സവ വിളക്കുകളെക്കാൾ കൂടുതൽ പ്രകാശിക്കുന്നത് എന്താണ്? പൂത്തിരികളേക്കാൾ കൂടുതൽ തിളങ്ങുന്നത് എന്താണ്? എന്നിങ്ങനെ കൗതുകമുണർത്തുന്ന ചില ചോദ്യങ്ങളിലൂടെ പ്രധാന കഥാപാത്രം പ്രേക്ഷകരുമായി സംവദിക്കുന്നു. തുടർന്ന് കാരുണ്യത്തിന്റെയും കൂട്ടായ്മയുടെയും സ്നേഹത്തിന്റെയും കഥകൾ പറയുന്ന മൂന്ന് ഹൃദയസ്പർശിയായ നിമിഷങ്ങൾ ചിത്രത്തിലൂടെ അവതരിപ്പിക്കുന്നു.

മധുരപലഹാരങ്ങളും വിളക്കുകളും പടക്കങ്ങളും ദീപാവലിയുടെ ഭാഗമാണെങ്കിലും, പരസ്പരം നമ്മൾ നൽകുന്ന സന്തോഷമാണ് ഈ ഉത്സവത്തിലെ ഏറ്റവും തിളക്കമുള്ള ഭാഗമെന്ന വ്യക്തമായ സന്ദേശമാണ് ചിത്രം നൽകുന്നത്. ഹിന്ദി, കന്നഡ, തെലുങ്ക്, തമിഴ്, മറാത്തി എന്നീ അഞ്ച് ഭാഷകളിൽ ചിത്രം ലഭ്യമാണ്. വിവിധ പ്രദേശങ്ങളിലെയും ഭാഷാ വിഭാഗങ്ങളിലെയും ജനങ്ങളിലേക്ക് എത്തിച്ചേരുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

നാം പങ്കിടുന്ന ബന്ധങ്ങളിലൂടെ ആഘോഷിക്കുമ്പോൾ ഓരോ ഉത്സവവും കൂടുതൽ അർത്ഥവത്താകുന്നു. സൗത്ത് ഇന്ത്യൻ ബാങ്കിന്റെ 'ഖുഷിയാ ബഡാഓ, ദിവാലി മനാഓ' എന്ന ക്യാംപെയിൻ പരസ്പരം കരുതൽ നൽകുന്നതിന്റെ സന്തോഷത്തെയാണ് ആഘോഷിക്കുന്നത്. ബന്ധങ്ങളിൽ നിക്ഷേപിക്കുന്നതാണ് ഏത് കാര്യത്തേക്കാളും അർത്ഥവത്തായ നിക്ഷേപം എന്ന ഞങ്ങളുടെ വിശ്വാസത്തെ ഊന്നിയുള്ളതാണ് ഈ ഹ്രസ്വചിത്രം. 'സൗത്ത് ഇന്ത്യൻ ബാങ്ക് ചീഫ് ജനറൽ മാനേജറും ചീഫ് ഇൻഫർമേഷൻ ഓഫീസറുമായ സോണി എ. പറഞ്ഞു

'ഞങ്ങളുടെ ഉപഭോക്താക്കളുമായി കാലങ്ങളായി കെട്ടിപ്പടുത്ത വിശ്വാസത്തിനും ബന്ധങ്ങൾക്കും സൗത്ത് ഇന്ത്യൻ ബാങ്ക് വലിയ പ്രാധാന്യമാണ് നൽകുന്നത്. ദൈനംദിന ബാങ്കിംഗിനപ്പുറം പരസ്പര സ്നേഹവും കരുതലുമാണ് ബന്ധങ്ങളെ കൂടുതൽ ദൃഢമാക്കുന്നത്. കൊച്ചു കൊച്ചു സ്നേഹപ്രകടനങ്ങളിലൂടെ സന്തോഷം കണ്ടെത്താനാണ് ഈ ദീപാവലി ചിത്രത്തിലൂടെ ഞങ്ങൾ ആഹ്വാനം ചെയ്യുന്നത്. 'സൗത്ത് ഇന്ത്യൻ ബാങ്ക് മാർക്കറ്റിംഗ് ഹെഡ് ഡോ. രമേശ് കെ.പി. പറഞ്ഞു

അർത്ഥവത്തായ ബന്ധങ്ങളെ പരിപോഷിപ്പിക്കുന്നതിനും കൂട്ടായ്മകളെ ആഘോഷിക്കുന്നതിനുമുള്ള സൗത്ത് ഇന്ത്യൻ ബാങ്കിന്റെ പ്രതിബദ്ധതയാണ് ഈ ക്യാംപെയിൻ പ്രതിഫലിപ്പിക്കുന്നത്. ഇത് ബാങ്കിന്റെ പതിവ് പരസ്യ ശൈലികൾക്കപ്പുറത്തേക്ക് വ്യാപിക്കുന്നു.

പ്രക്കാട്ട് ഫിലിംസിന്റെ ബാനറിൽ നിർമ്മിച്ച ഈ പരസ്യചിത്രത്തിന്റെ രചന നിർവഹിച്ചിരിക്കുന്നത് ശരത് പ്രകാശും സംവിധാനം ചെയ്തിരിക്കുന്നത് മാർട്ടിൻ പ്രക്കാട്ടുമാണ്. പ്രശസ്ത സംഗീത സംവിധായകൻ ശിവഹരി വർമ്മയാണ് സംഗീതം നൽകിയിരിക്കുന്നത്.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com